# SSLC EXAMINATION, MARCH - 2021

## SOCIAL SCIENCE

(Malayalam)

Time : 2½ Hours — Total Score : 80

**നിർദ്ദേശങ്ങൾ :**

- 20 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- 1 മുതൽ 42 വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 80 സ്കോർ ആയിരിക്കും.

---

Score

1. **(a) മുതൽ (l) വരെയുള്ള ചോദ്യങ്ങൾക്ക് ഒരു സ്കോർ വീതം.** 12x1=12

(a) 'അമ്മ' എന്ന നോവൽ എഴുതിയത് ആര് ?

(i) പാബ്ലൊ നെരൂദ (ii) ലിയോ ടോൾസ്റ്റോയി
(iii) മാക്സിം ഗോർക്കി (iv) കാൾ മാർക്സ്

(b) ഒരാൾ ശരാശരി എത്ര വയസുവരെ ജീവിച്ചിരിക്കുന്നു എന്നതാണ് :

(i) ആയുർദൈർഘ്യം (ii) ശിശുമരണ നിരക്ക്
(iii) സാക്ഷരതാ നിരക്ക് (iv) ജനന നിരക്ക്

(c) ചുവടെ നൽകിയിരിക്കുന്നതിൽ അഖിലേന്ത്യാ സർവീസിന് ഒരു ഉദാഹരണം ഏത് ?

(i) ഇന്ത്യൻ ഫോറിൻ സർവീസ് (ii) ഇന്ത്യൻ പോലീസ് സർവീസ്
(iii) ഇന്ത്യൻ റെയിൽവേ സർവീസ് (iv) സെയിൽസ് ടാക്സ് ഓഫീസർ

(d) ഡിസംബർ 22 മുതൽ മാർച്ച് 21 വരെയുള്ള കാലയളവിൽ ഉത്തരാർദ്ധ ഗോളത്തിൽ അനുഭവപ്പെടുന്ന പ്രധാന ഋതുവിന്റെ പേരെഴുതുക.

(i) ഗ്രീഷ്മം (ii) വസന്തം
(iii) ഹേമന്തം (iv) ശൈത്യം

(e) സമൂഹശാസ്ത്രത്തിന്റെ പിതാവ് ആര് ?

(i) ഡി.പി. മുഖർജി (ii) എമൈൽ ദുർഖിം

(iii) ഹെർബർട്ട് സ്പെൻസർ (iv) അഗസ്ത് കോംതെ

(f) ഏത് രേഖാംശത്തിലെ പ്രാദേശിക സമയത്തെയാണ് ഇന്ത്യൻ സ്റ്റാൻഡേർഡ് സമയമായി തിരഞ്ഞെടുത്തിരിക്കുന്നത് ?

(i) പൂജ്യം ഡിഗ്രി (ii) $82\frac{1}{2}^{\circ}$ E

(iii) 180° (iv) 15°E

(g) ചമ്പാരൻ സത്യഗ്രഹം നടന്ന വർഷം :

(i) 1918 (ii) 1930

(iii) 1919 (iv) 1917

(h) അളവ് – തൂക്ക നിലവാരം ഉറപ്പുവരുത്തുന്നതാര് ?

(i) ലീഗൽ മെട്രോളജി വകുപ്പ്

(ii) ഭക്ഷ്യസുരക്ഷാ വകുപ്പ്

(iii) കേന്ദ്ര ഔഷധവില നിയന്ത്രണ കമ്മിറ്റി

(iv) ഡ്രഗ്സ് കൺട്രോൾ വകുപ്പ്

(i) ലോകത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശം :

(i) ചിറാപുഞ്ചി (ii) ഷിംല

(iii) ഡെറാഡൂൺ (iv) ഡാർജിലിങ്

(j) 20 ലക്ഷം രൂപക്ക് മുകളിൽ, ഒരു കോടി രൂപാവരെയുള്ള ഉപഭോക്തൃ തർക്കങ്ങളിൽ തീർപ്പ് കല്പിക്കുന്നതാര് ?

(i) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ

(ii) ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ

(iii) ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറം

(iv) ഭക്ഷ്യ സുരക്ഷാ വകുപ്പ്

(k) കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങൾ സത്യസന്ധമായി രേഖപ്പെടുത്തുന്ന രീതി ഏത് ?

(i) നിരീക്ഷണം
(ii) കേസ് സ്റ്റഡി
(iii) സോഷ്യൽ സർവെ
(iv) അഭിമുഖം

(l) ടിബറ്റിലെ മാനസരോവർ തടാകത്തിൽ നിന്ന് ഉൽഭവിക്കുന്ന ഹിമാലയൻ നദി ഏതാണ് ?

(i) സിന്ധു
(ii) ഗംഗ
(iii) മഹാനദി
(iv) ഗോദാവരി

**2 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് 3 സ്കോർ വീതം.**

2. ആഗോളവാതങ്ങളുടെ പേരെഴുതുക. 3

3 ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ എന്തെല്ലാം ? 3

4. തൊഴിലാളികളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാം എന്നതാണ് മാനവ വിഭവശേഷി മെച്ചപ്പെടുത്തുന്നതുകൊണ്ടുള്ള ഒരു പ്രയോജനം. മാനവ വിഭവശേഷി വികസനത്തിന്റെ മറ്റേതെങ്കിലും മൂന്ന് പ്രയോജനങ്ങൾ പട്ടികപ്പെടുത്തുക. 3

5 രണ്ടാം ലോകയുദ്ധത്തിലെ അച്ചുതണ്ട് ശക്തികളിൽ ഉൾപ്പെട്ടിരുന്ന രാജ്യങ്ങളുടെ പേരെഴുതുക. 3

6. പൊതുഭരണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക. 3

7. വിദ്യാഭ്യാസവും നൈപുണിയും മെച്ചപ്പെടുത്തുന്നതിനായി നമ്മുടെ രാജ്യത്ത് നടപ്പിലാക്കിയ ഏതെങ്കിലും മൂന്ന് പദ്ധതികൾ പട്ടികപ്പെടുത്തുക.

8. ഇന്ത്യൻ തുണി വ്യവസായത്തിന്റെ തകർച്ചയുടെ കാരണങ്ങൾ ഏവ ?

9. കേന്ദ്ര സർവീസുകളെക്കുറിച്ച് ഒരു കുറിപ്പ് എഴുതുക.

10. ആരോഗ്യമുള്ള വ്യക്തികൾ രാജ്യപുരോഗതിയിൽ പങ്കാളികൾ ആകുന്നതെങ്ങനെയെന്ന് വിശദമാക്കുക.

Score

11. ഇ–ഗവേണൻസ് എന്നത് കൊണ്ട് അർത്ഥമാക്കുന്നത് എന്ത് ? ഏതെങ്കിലും രണ്ട് ഉദാഹരണങ്ങൾ സൂചിപ്പിക്കുക. 3

12. ധരാതലീയ ഭൂപടങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. 3

13. വിദ്യാഭ്യാസം ഒരു രാജ്യത്തിന്റെ വികസനത്തെ എങ്ങനെ സഹായിക്കുന്നു എന്ന് വിശദമാക്കുക. 3

14. ആകാശീയ വിദൂര സംവേദനത്തിന്റെ പോരായ്മകൾ എന്തെല്ലാം ? 3

15. ബ്രിട്ടീഷുകാർ ഇന്ത്യയിൽ നിയമം മൂലം നിരോധിച്ച ഏതെങ്കിലും മൂന്ന് സാമൂഹിക അനാചാരങ്ങളുടെ പേരെഴുതുക. 3

16. അഖിലേന്ത്യാ സർവീസും സംസ്ഥാന സർവീസും തമ്മിലുള്ള വ്യത്യാസങ്ങൾ എഴുതുക. 3

17. 1986-ലെ ദേശീയ വിദ്യാഭ്യാസനയം മുന്നോട്ട്വെച്ച ഏതെങ്കിലും മൂന്ന് നിർദ്ദേശങ്ങൾ എഴുതുക. 3

18. വായ്പകൾ നൽകാനായി ബാങ്കുകൾ സ്വീകരിക്കുന്ന ഏതെങ്കിലും മൂന്ന് ഈടുകൾ സൂചിപ്പിക്കുക. 3

19. പൗരബോധം വളർത്തുന്നതിൽ സംഘടനകളുടെ പങ്ക് വ്യക്തമാക്കുക. 3

20. ഇന്ത്യയുടെ വിദേശനയത്തിന്റെ മൂന്ന് പ്രധാന തത്വങ്ങൾ എഴുതുക. 3

21. പാരമ്പര്യേതര ഊർജസ്രോതസുകളുടെ മേന്മകൾ എന്തെല്ലാം ? 3

22. മൂന്ന് തരം ബജറ്റുകൾ ഏതെല്ലാം ? 3

23. പഴശ്ശിക്കലാപങ്ങളെക്കുറിച്ച് ഒരു ലഘു കുറിപ്പെഴുതുക. 3

24. മാനവവിഭവശേഷി വികസനത്തിന്റെ ഏതെങ്കിലും മൂന്ന് തലങ്ങൾ എഴുതുക. 3

25. പൗരത്വം എന്നാൽ എന്ത് ? രണ്ട് തരത്തിലുള്ള പൗരത്വങ്ങൾ ഏതെല്ലാം ? 3

**26 മുതൽ 38 വരെയുള്ള ചോദ്യങ്ങൾക്ക് 4 സ്കോർ വീതം.**

26. അന്താരാഷ്ട്ര ദിനാങ്കരേഖയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. **4**

27. അമേരിക്കൻ സ്വാതന്ത്ര്യസമരം പിൽക്കാല ലോകചരിത്രത്തിൽ സ്വാധീനം ചെലുത്തിയതെങ്ങനെ ? **4**

28. റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങളേവ ? **4**

29. ഹിമാലയൻ നദികളുടെ സവിശേഷതകൾ എന്തെല്ലാം ? **4**

30. ഉപദ്വീപീയ പീഠഭൂമിയിലെ മണ്ണിനങ്ങളെക്കുറിച്ച് ഒരു കുറിപ്പ് എഴുതുക. **4**

31. **'A'** കോളത്തിന് അനുയോജ്യമായവ **'B'** കോളത്തിൽ നിന്നും കണ്ടെത്തി പട്ടിക ക്രമപ്പെടുത്തുക. **4x1=4**

| A | B |
|---|---|
| പയ്യന്നൂർ | ബംഗാൾ |
| ബോംബെ | തമിഴ്നാട് |
| നവഖാലി | കേരളം |
| വേദാരണ്യം | മഹാരാഷ്ട്ര |

32. മഹാത്മാ ഗാന്ധി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. **4**

33. കിഴക്കൻ തീരസമതലത്തിന്റെ സവിശേഷതകൾ വിശദമാക്കുക. **4**

34. ഇ–ഗവേണൻസിന്റെ നേട്ടങ്ങൾ വിവരിക്കുക. **4**

35. മാനവവിഭവത്തിന്റെ ഗുണപരമായ സവിശേഷതകൾ വിവരിക്കുക. **4**

Score

36. പട്ടിക പൂർത്തിയാക്കുക. 4x1=4

| ദിനം | സൂര്യന്റെ ആപേക്ഷിക സ്ഥാനം | ദിവസത്തിന്റെ പ്രത്യേകത |
|---|---|---|
| മാർച്ച് 21 | ഭൂമധ്യരേഖ | (a) ________ |
| (b) ________ | ഉത്തരായന രേഖ | ഗ്രീഷ്മ അയനാന്തദിനം |
| സെപ്തംബർ 23 | (c) ________ | വിഷുവം(സമരാത്രദിനം) |
| (d) ________ | ദക്ഷിണായന രേഖ | ശൈത്യ അയനാന്തദിനം |

37. സ്വതന്ത്ര ഇന്ത്യ ശാസ്ത്ര–സാങ്കേതിക രംഗങ്ങളിൽ കൈവരിച്ച നേട്ടങ്ങളേവ ? 4

38 ചുവടെ തന്നിട്ടുള്ള ഭൂവിവരങ്ങളെ നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക. 4x1=4

(a) ആരവല്ലി പർവ്വത നിര
(b) ചോട്ടാ നാഗ്പൂർ പീഠഭൂമി
(c) താപ്തി നദി
(d) പശ്ചിമഘട്ടം

**39 മുതൽ 42 വരെയുള്ള ചോദ്യങ്ങൾക്ക് 6 സ്കോർ വീതം.**

39. ഗ്രീനിച്ച് സമയവും ഇന്ത്യൻ സ്റ്റാൻഡേർഡ് സമയവും എന്തെന്ന് വിശദമാക്കുക. 6

40. തന്നിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ ഫ്രഞ്ച് വിപ്ലവത്തെ വിശദമാക്കുക. 6

**സൂചനകൾ :**

- മൂന്ന് എസ്റ്റേറ്റുകൾ
- ചിന്തകർ

41. ഹിമാദ്രി, ഹിമാചൽ എന്നീ മലനിരകളുടെ സവിശേഷതകൾ വിശദമാക്കുക. 6

42. സിവിൽ നിയമലംഘന സമരത്തെക്കുറിച്ച് താഴെ തന്നിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ വിശദമാക്കുക. 6

**സൂചനകൾ :**

- ലാഹോർ സമ്മേളനം
- ഉപ്പ് ഒരു സമരായുധം